സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും കാലാകാലങ്ങളിൽ സർക്കുലറുകൾ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിന്മേൽ അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്നും നിയമാനുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സൗജന്യ പുസ്തക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സംസ്ഥാന തലത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും എല്ലാ ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്.

മിഷൻ 676 - പട്ടികജാതി ക്ഷേമ പദ്ധതികൾ

10 (*69) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ,

(എ) ഉണ്ട്.

(ബി) 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000 രൂപ വരെ വാർഷിക വരുമാനമുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടേയും പേരിൽ 50,000 രൂപ വീതം ധനസഹായം നിക്ഷേപം നടത്തുന്ന വാത്സല്യനിധി.

2. സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് 'വിദ്യാജ്യോതി' പദ്ധതി

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടിക ജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്ന പദ്ധതി

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി.

(സി) 1. വാത്സല്യനിധി : എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾ/ട്രഷറി/ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ വാങ്ങി അതിൽ ഗുണഭോക്താവിന് ഏറ്റവും ലാഭകരമായത് ഏതെന്ന് ധനകാര്യ വിദഗ്ധനുമായിചർച്ച ചെയ്ത് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. വിദ്യാജ്യോതി : സർക്കാർ/പ്രൈവറ്റ്/എയിഡഡ് മേഖലകളിൽ ഉള്ള ഹൈസ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.

3. ശ്മശാനങ്ങളുടെ നവീകരണം: 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) ഐശ്വര്യശ്രീ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥന മുഖേന 2225-01-102-95 എന്ന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. ഐശ്വര്യശ്രീ എന്ന പദ്ധതി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ/ ട്രഷറി/ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അതിൽ ഗുണഭോക്താവിന് ഏറ്റവും പ്രയോജനപ്രദമായത് ഏതെന്ന് ധനകാര്യ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പട്ടികജാതി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾക്ക് വേണ്ടിയുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടച്ച് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപ വരയുള്ള വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ധനവകുപ്പിന്റെ പരിഗണനയിലാണ്.

മരുന്നു വില നിയന്ത്രണ നയം

11 (*70) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നുവില നിയന്ത്രണം നീക്കിയതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിരുന്നോ ; അവിടെ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ; പ്രധാനമന്ത്രിയിൽ നിന്ന് എന്തെങ്കിലും ഉറപ്പ് ലഭിച്ചെങ്കിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly